**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4303** **18-03-2025 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ. സ്കെയിൽ അപ്പ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | എം.എസ്.എം.ഇ. സ്കെയിൽ അപ്പ് മിഷന്റെ ഭാഗമായി 2022-മുതൽ നാളിതുവരെ എത്ര സൂക്ഷ്മ സംരംഭങ്ങൾ ചെറുകിട സംരംഭങ്ങൾ ആകാൻ സർക്കാർ ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | എം.എസ്.എം.ഇ. സ്കെയിൽ അപ്പ് മിഷൻ പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടില്ല. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ള സംരംഭകരെ കണ്ടെത്തുകയാണ് പദ്ധതിപ്രകാരം ആദ്യഘട്ടമായി പൂർത്തീകരിക്കേണ്ടത്. ഇപ്രകാരം തിരഞ്ഞെടുക്കുന്ന സംരംഭകർക്ക് ആണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന "പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നൽകുന്ന ആനുകൂല്യം", " സ്ഥിര മൂലധന നിക്ഷേപത്തിനുള്ള സഹായം", " പ്രവർത്തന മൂലധനത്തിനുള്ള സഹായം" എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയുക. നിലവിൽ സംസ്ഥാനതല കമ്മിറ്റി കൂടി 292 സംരംഭകരെ പദ്ധതി പ്രകാരം തിരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം തിരഞ്ഞെടുത്ത സംരംഭകർ വിപുലീകരണ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയതിനു ജില്ലാതല കമ്മിറ്റികളിൽ നിന്നും അംഗീകാരം ലഭിക്കേണ്ടതും ഉണ്ട്. നിലവിൽ 88 സംരംഭകർ വിപുലീകരണ പ്രോജക്ട് റിപ്പോർട്ടിനുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും അതിൽ 44 സംരംഭകർക്ക് വിപുലീകരണ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ പദ്ധതി പ്രകാരം ഉള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിച്ചു വരുന്നു. നിലവിൽ 26 സംരംഭകർ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നൽകുന്ന ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എം.എസ്.എം.ഇ. സ്കെയിൽ അപ്പ് മിഷന്റെ ഭാഗമായി 2022-മുതൽ നാളിതുവരെ എത്ര ചെറുകിട സംരംഭങ്ങൾ ഇടത്തരം ആകാൻ സർക്കാർ ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ? | (ബി) | മേൽ ( എ ) പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ